**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 745** **14-01-2021 - ൽ മറുപടിയ്ക്ക്**

**നൂറ് ദിന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ആഗസ്റ്റ് 2020ൽ പ്രഖ്യാപിച്ച നൂറുദിന പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനെ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചത്; | (എ) | ആഗസ്റ്റ് 2020ൽ പ്രഖ്യാപിച്ച നൂറുദിന പദ്ധതിയിൽ പട്ടികജാതി വികസന വകുപ്പുമുഖേന 12250 പഠനമുറികളുടെ പൂർത്തീകരണം, സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടിയുടെ ഭാഗമായി 20 പദ്ധതികളുടെ ഉദ്ഘാടനം എന്നീ പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്. ലക്ഷ്യം പൂർത്തിയാക്കി. ആഗസ്റ്റ് 2020-ൽ പ്രഖ്യാപിച്ച നൂറ് ദിന പദ്ധതിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളായ പി.കെ കാളൻ കുടുംബ സഹായ പദ്ധതി, പ്രവൃത്തി പൂർത്തീകരിച്ച പാലക്കാട് ജില്ലയിലെ ഷോളയൂർ, ആനവായ്, പ്രീ-മെട്രിക് ഹോസ്റ്റലുകളുടേയും ഇടുക്കി ജില്ലയിലെ ഇരുമ്പുപാലം പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റേയും അഗളി പെൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെയും നിർമ്മാണ ഉദ്ഘാടനം എന്നിവയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ആയതിൽ പി.കെ. കാളൻ കുടുംബ സഹായ പദ്ധതി ഒഴികെ മറ്റ് പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പിന്റെ കീഴിൽ 5000 പേർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇത് പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ 100 ദിനപദ്ധതിയുടെ ഭാഗമായി 5000 പേർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നില്ല. 100 ദിന പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 500 പേർക്ക് തൊഴിൽ നൽകുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 5000 പേർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടില്ല. |
| (സി) | എങ്കിൽ ഏതൊക്കെ മേഖലയിലാണ് തൊഴിൽ നൽകിയതെന്നും എത്ര പേർക്ക് തൊഴിൽ നൽകിയെന്നും വ്യക്തമാക്കുമോ? | (സി) | 100 ദിന പദ്ധതി (ഒന്നാം ഘട്ടം) യുടെ പൊതു ലക്ഷ്യത്തിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഗവ./PSU മേഖലയിൽ 45 പേർക്കും |

| | | | |
|---|---|---|---|
| | | | സ്വകാര്യ മേഖലയിൽ 180 പേർക്കും തൊഴിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ